നമ്പർ. സി3/11332/റ്റി സി/2011

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ് , കേരളം ,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎ 0471-2333337/2333317 ഫാക്സ് 0471-2333314]
[ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി 03.10.2012

പ്രേഷിതൻ,
ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,
എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം :- മോട്ടോർ വാഹന വകുപ്പ് — ഔദ്യോഗിക ഭാഷ മലയാളമാക്കൽ-2012-ലെ മലയാള ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും ഭരണഭാഷാ വർഷം ആചരിക്കലും - നിർദ്ദേശങ്ങൾ നൽകുന്നത്- സംബന്ധിച്ച്

സൂചന :-
1. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര ( ഔദ്യോഗിക ഭാഷ) വകുപ്പിന്റെ 22.09.2012-ലെ 17199/ഔ ഭാ4/12/ഉ ഭപവ സർക്കുലർ.
2. ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (ഔദ്യോഗിക ഭാഷാ) വകുപ്പിന്റെ 18.09.2012-ലെ സ.ഉ(കയ്യെഴുത്ത്) നമ്പർ 46/12/ഉ ഭ പ വ നമ്പർ ഉത്തരവ്.

2012-ലെ മലയാള ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും 2012 നവംബർ 1 മുതൽ ഒരു വർഷം ഭരണ ഭാഷാ വർഷമായി ആചരിക്കുന്നതിന്റേയും ഭാഗമായി വിവിധ വകുപ്പുകൾ സംഘടിപ്പിക്കേണ്ട ആഘോഷ പരിപാടികളുടെ വിശദാംശങ്ങൾ സൂചന ഒന്ന് പ്രകാരം സർക്കാർ അയച്ചു തന്നിരിക്കുകയാണ്. ഇതിന്റെ പകർപ്പ് അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി ഇതോടൊപ്പം അയയ്ക്കുന്നു. സൂചന ഒന്ന് പ്രകാരം നൽകിയിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആഘോഷപരിപാടികൾ സംഘടിപ്പിക്കേണ്ടതും പ്രസ്തുത പരിപാടികളെ സംബന്ധിച്ച റിപ്പോർട്ട് നവംബർ 15-)o തീയതിക്കകം അതാത് ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും നൽകേണ്ടതും അതാത് ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ റിപ്പോർട്ടുകൾ ക്രോഡീകരിക്കേണ്ടതും നവംബർ 20-)o തീയതിക്കകം ഈ ഓഫീസിൽ എത്തിക്കേണ്ടതുമാണ്

ഔദ്യോഗിക ഭാഷ സംബന്ധിച്ച നിയമസഭാ സമിതിയുടെ ശിപാർശയും ഔദ്യോഗിക ഭാഷാ ഉന്നതതല സമിതി യോഗത്തിന്റെ തീരുമാനങ്ങളും സൂചന രണ്ട് പ്രകാരം സർക്കാർ അയച്ചു തന്നിരിക്കുകയാണ്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). പ്രസ്തുത ഉത്തരവ് പൂർണ്ണമായും നടപ്പിലാക്കേണ്ടതും വിശദാംശങ്ങൾ നവംബർ 15-ന് മുൻപ് അതാത് ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്ക് നൽകേണ്ടതും ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ അവരവരുടെ കീഴിലുള്ള ഓഫീസുകളിലെ റിപ്പോർട്ടുകൾ ശേഖരിച്ച് ക്രോഡീകരിച്ച് നവംബർ 20-ന് മുമ്പായി ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്. മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതും ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

വിശ്വസ്തതയോടെ,
ഒപ്പ്
ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ,
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി

പകർപ്പ്:-1. അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ ( ഇൻ ചാർജ്ജ്) ക്കും എം1 സെക്ഷനും അറിവിലേയ്ക്കും അനന്തര നടപടിക്കുമായി.

2. സീനിയർ സൂപ്രണ്ട് (ജെ) സെക്ഷന്- ഓഫീസിലെ ആഭ്യന്തര പരിശോധനാ വേളയിൽ മലയാളത്തിൽ കൈകാര്യം ചെയ്യുന്ന ഫയലുകളുടെ വിശദാംശങ്ങൾ കൂടി പരിശോധിക്കേണ്ടതാണ്.

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്.

20374/2012

TRANSPORT ... KERALA
INWARD No.
RECEIVED ON 28 SEP 2012

| TC | Addl TC | Secy STA | DTC (T) | A.O | F.O | L.O |
|---|---|---|---|---|---|---|

കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്

നമ്പർ 17199/ഔ.ഭാ4/12/ഉഭപവ

തിരുവനന്തപുരം
തീയതി : 22.09.2012

## സർക്കുലർ

വിഷയം:- 2012 ലെ മലയാള ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും 2012 നവംബർ 1 മുതൽ ഒരു വർഷക്കാലം ഭരണഭാഷാ വർഷമായി ആചരിക്കലും - ആഘോഷപരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ - സംബന്ധിച്ച്

.........................................

കേരളത്തിലെ ഭരണഭാഷ പൂർണമായും മലയാളമാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ ഭാഗമായി, ഭരണഭാഷാ മാറ്റം ത്വരിതപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ വിപുലമായ തോതിൽ വർഷം തോറും സംഘടിപ്പിച്ചു വരുന്ന പരിപാടിയാണ് മലയാളദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും.

എല്ലാ വർഷവും നവംബർ 1 മലയാളദിനമായും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാ വാരമായും ആഘോഷിക്കുന്നതു സംബന്ധിച്ച് 18.03.2002-ൽ സ.ഉ. (അച്ചടിച്ചത്) നം.31/2002/ഉഭപവ പുറപ്പെടുവിക്കുകയുണ്ടായി. ഇക്കാലയളവിൽ ഭരണഭാഷാ മാറ്റത്തിന് ഉതകുംവിധമുള്ള ചർച്ചകളും സെമിനാറുകളും മറ്റും സംസ്ഥാന-ജില്ലാ-താലൂക്ക്-പഞ്ചായത്തു തലങ്ങളിൽ സംഘടിപ്പിക്കുന്നതിനുള്ള നിർദേശം നൽകികൊണ്ട് 02.05.2002-ാം തീയതി സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നമ്പർ 20/2002/ഉ.ഭ.പ.വ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ പരിധിയിൽ നിന്ന് ന്യൂനപക്ഷ ഭാഷകളായ തമിഴ്, കന്നഡ എന്നിവയും മറ്റു ഭാഷകളും മാതൃഭാഷകളായിട്ടുള്ള കുട്ടികളെ ഒഴിവാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരള നിയമസഭയുടെ ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി (2011-14) യുടെ ശുപാർശ പ്രകാരം 2012 നവംബർ 1 മുതൽ ഒരു വർഷക്കാലം "ഭരണഭാഷ - മാതൃഭാഷ" എന്ന വാക്യത്തിന്റെ അകമ്പടിയോടെ ഭരണഭാഷാ വർഷമായി ആചരിക്കാൻ 20-07-2012-ലെ സ.ഉ.നമ്പർ.(കൈ)38/12/ഉഭപവ പ്രകാരം സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

സർക്കാരിന്റെ എല്ലാ വകുപ്പുകളിലും, പ്രത്യേകിച്ച് മലയാളം ഭരണഭാഷയാക്കിയിട്ടുള്ള എല്ലാ വകുപ്പുകളിലും ഭരണവകുപ്പുകളിലും സ്ഥാപനങ്ങളിലും മേൽപ്പറഞ്ഞ ഉത്തരവുകളുടെ വെളിച്ചത്തിൽ ഈ വർഷവും ആഘോഷപരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. സർക്കാർ സംസ്ഥാന തലത്തിൽ നവംബർ 1-ാം തീയതി (വ്യാഴാഴ്ച) മലയാള ദിനാഘോഷവും ഭരണഭാഷാസേവനപുരസ്കാരദാനവും നടത്തുന്നതാണ്. നവംബർ 1 മുതൽ 7 വരെ ഭരണഭാഷാ വാരാഘോഷവും, നവംബർ 1 മുതൽ ഒരു വർഷക്കാലം ഭരണഭാഷാ വർഷാചരണവും സംസ്ഥാനത്ത് വിപുലമായ രീതിയിൽ സംഘടിപ്പിക്കുന്നതിന് താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. മലയാള ദിനമായ നവംബർ 1 (വ്യാഴാഴ്ച) രാവിലെ 11 ന് എല്ലാ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും എല്ലാ ഓഫീസുകളിലും ഓഫീസ് തലവന്റെ അദ്ധ്യക്ഷതയിൽ ഭരണഭാഷാ സമ്മേളനം സംഘടിപ്പിക്കേണ്ടതും താഴെ ചേർത്തിട്ടുള്ള ഭരണഭാഷാ പ്രതിജ്ഞ ഉദ്യോഗസ്ഥർക്ക് ഓഫീസ് തലവൻ ചൊല്ലിക്കൊടുക്കേണ്ടതുമാണ്.

> **"മലയാളം എന്റെ ഭാഷയാണ്. മലയാളത്തിന്റെ സമ്പത്തിൽ ഞാൻ അഭിമാനിക്കുന്നു. മലയാള ഭാഷയെയും കേരളസംസ്കാരത്തെയും ഞാൻ ആദരിക്കുന്നു. ഭരണനിർവഹണത്തിൽ മലയാളത്തിന്റെ ഉപയോഗം സാർവത്രികമാക്കുന്നതിന് എന്റെ കഴിവുകൾ ഞാൻ വിനിയോഗിക്കും".**

2. സ്കൂളുകളിൽ മലയാള ദിനത്തിൽ ചേരുന്ന അസംബ്ലിയിൽ മലയാളം മാതൃഭാഷയാക്കിയിട്ടുള്ള അധ്യാപകരും വിദ്യാർത്ഥികളും താഴെ ചേർത്തിട്ടുള്ള പ്രതിജ്ഞ എടുക്കേണ്ടതാണ്.

> **"മലയാളം എന്റെ ഭാഷയാണ്. മലയാളത്തിന്റെ സമ്പത്തിൽ ഞാൻ അഭിമാനിക്കുന്നു. മലയാള ഭാഷയെയും കേരളസംസ്കാരത്തെയും ഞാൻ ആദരിക്കുന്നു. മലയാളത്തിന്റെ വളർച്ചയ്ക്കുവേണ്ടി എന്റെ കഴിവുകൾ ഞാൻ വിനിയോഗിക്കും".**

3. ഭരണഭാഷാ വാരാഘോഷ-ഭരണഭാഷാ വർഷാചരണ കാലത്ത് ഓഫീസുകളിലും സ്കൂളുകളിലും ആഘോഷം സംബന്ധിച്ച ബാനറുകൾ പ്രദർശിപ്പിക്കേണ്ടതാണ്.

**ബാനറിന്റെ മാതൃക**

**I**

**"ഭരണഭാഷ - മാതൃഭാഷ"**
**മലയാള ദിനാഘോഷം - 2012 നവംബർ 1**
**ഭരണഭാഷ വാരാഘോഷം - 2012 നവംബർ1 മുതൽ 7 വരെ**

**II**

**" ഭരണഭാഷ - മാതൃഭാഷ "**
**ഭരണഭാഷാ വർഷം**
**നവംബർ1, 2012 മുതൽ ഒക്ടോബർ 31, 2013 വരെ**

4. വാരാഘോഷ-വർഷാചരണ കാലത്ത് വിവിധ വകുപ്പുകളിലും ഓഫീസുകളിലും ഭാഷാപോഷണത്തിനും ഭരണഭാഷാ മാറ്റത്തിനും ഉതകുമാറുള്ള പ്രഭാഷണങ്ങൾ, ചർച്ചകൾ, സെമിനാറുകൾ, സമ്മേളനങ്ങൾ, സത്സേവന രേഖയും ഭരണഭാഷാ സേവന പുരസ്കാരവും ഭരണഭാഷാ ഗ്രന്ഥരചനാ പുരസ്കാരവും ലഭിച്ചവർക്കുള്ള അനുമോദനം തുടങ്ങിയവ സംഘടിപ്പിക്കേണ്ടതാണ്. അതോടൊപ്പം വിവിധ വകുപ്പുകൾക്ക് യോജിച്ചതും ഭാഷാമാറ്റ പുരോഗതി കൈവരിക്കുന്നതിന് ഉതകുന്നതുമായ മറ്റു പരിപാടികളും നടപ്പിലാക്കാവുന്നതാണ്.

5. ഓരോവകുപ്പും ഭരണഭാഷാ വർഷാചരണത്തിന്റെ ഭാഗമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന കാര്യങ്ങൾ ഉൾപ്പെടുത്തി ഒരു കർമ്മ പരിപാടി തയാറാക്കേണ്ടതും ആയത് രണ്ടാഴ്ചയ്ക്കുള്ളിൽ ഈ വകുപ്പിൽ ലഭ്യമാക്കേണ്ടതുമാണ്. പ്രസ്തുത പരിപാടി നടപ്പാക്കാൻ ഓരോ വകുപ്പിലും ഒരുയർന്ന ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതും അദ്ദേഹത്തിന്റെ പേര്, വിലാസം, ഫോൺനമ്പർ എന്നിവ ഈ വകുപ്പിൽ ലഭ്യമാക്കേണ്ടതുമാണ്.

6. നവംബർ ഒന്നു മുതൽ ഒരു വർഷം എല്ലാ ഓഫീസുകളിൽ നിന്നും അയക്കുന്ന എല്ലാ കത്തുകളുടെയും മുകളിൽ 'ഭരണഭാഷ - മാതൃഭാഷ' എന്ന വാക്യം ചേർത്തിരിക്കേണ്ടതാണ്.

7. വകുപ്പുകളിലെ എല്ലാത്തരം പരിശോധനാ വിഭാഗങ്ങളുടെയും പരിശോധനാ വിഷയങ്ങളിൽ 'ഔദ്യോഗിക ഭാഷാമാറ്റ പുരോഗതി' എന്ന ഇനംകൂടി നിർബന്ധമായും ഉൾപ്പെടുത്തി പരിശോധിക്കേണ്ടതും അപ്രകാരം ചെയ്യുന്നുണ്ടെന്ന് മേലധികാരികൾ ഉറപ്പുവരുത്തേണ്ടതുമാണ്.

8. മലയാളം കമ്പ്യൂട്ടിങ് പരിശീലനം ലഭിച്ചിട്ടില്ലാത്തവർക്ക് ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

9. അതാതു വകുപ്പുകളുടെ വെബ്സൈറ്റിലെ വിവരങ്ങൾ മലയാളത്തിൽക്കൂടി ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

10. ഓരോ വകുപ്പിലെയും താഴേത്തട്ടിലുള്ള ഓഫീസുകളിൽവരെ ഭാഷാമാറ്റത്തിനു സഹായകമായ നടപടികൾ സ്വീകരിക്കുന്നു എന്ന് അതാത് വകുപ്പു സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണ്. ഭരണഭാഷാ വർഷാചരണ നടപടികളുടെ പ്രതിമാസ പുരോഗതി റിപ്പോർട്ട് തൊട്ടടുത്ത മാസം 5-ാം തീയതിക്കു മുമ്പായി ഔദ്യോഗികഭാഷ വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.

11. ഭരണഭാഷാ വാരാഘോഷത്തോടനുബന്ധിച്ച് ഓഫീസുകളിൽ ഓരോ ദിവസവും ഭരണരംഗത്ത് ഉപയോഗിക്കുന്ന അഞ്ച് ഇംഗ്ലീഷ് പദങ്ങളും സമാന മലയാള പദങ്ങളും എഴുതി പ്രദർശിപ്പിക്കേണ്ടതാണ്.

12. മലയാള ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും സംബന്ധിച്ച് കീഴ് ഓഫീസുകളിൽ സംഘടിപ്പിക്കുന്ന പരിപാടികളുടെ വിവരങ്ങൾ സമാഹരിച്ച് റിപ്പോർട്ട് തയാറാക്കി എല്ലാ വകുപ്പ് തലവൻമാരും നവംബർ 30 നു മുൻപ് ഔദ്യോഗികഭാഷാ വകുപ്പ് സെക്രട്ടറിക്ക് അയക്കേണ്ടതാണ്.

13. സംസ്ഥാനതല ആഘോഷപരിപാടികളുടെ ഭാഗമായി നവംബർ 1 നു സെക്രട്ടേറിയറ്റിലെ ദർബാർ ഹാളിൽ ചേരുന്ന യോഗത്തിൽ സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥർക്ക് ചീഫ് സെക്രട്ടറി ഭരണഭാഷാ പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നതാണ്.

14. ജില്ലാതല ആഘോഷത്തോടനുബന്ധിച്ചുള്ള സമ്മേളനത്തിൽ മലയാള ഭാഷയ്ക്കും സാഹിത്യത്തിനും മറക്കാനാവാത്ത സംഭാവന നൽകിയ എഴുത്തുകാരെ ആദരിക്കേണ്ടതാണ്. അതത് ജില്ലയിലുള്ള മൂന്ന് എഴുത്തുകാരെയാണ് ആദരിക്കേണ്ടത്. മുൻ വർഷങ്ങളിൽ ആദരിച്ചവരെ ഒഴിവാക്കാവുന്നതാണ്.

15. ജില്ല/താലൂക്ക് തല ആഘോഷത്തിന്റെ ചെലവ് ജില്ലാ കളക്ടർക്ക് വേണ്ടി ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള "മറ്റ് ചെലവുകൾക്കായി" എന്ന കണക്കിലും പഞ്ചായത്ത് തലത്തിലുള്ള പരിപാടികളുടെ ചെലവ് ബന്ധപ്പെട്ട പഞ്ചായത്തിന്റെ കണക്കിലും വകയിരുത്തേണ്ടതാണ്.

**കെ.സുരേഷ്കുമാർ**
**സെക്രട്ടറി**

പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറിമാർ
എല്ലാ വകുപ്പ് തലവൻമാർക്കും, ഓഫീസുകൾക്കും
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
ജില്ലാ കളക്ടർമാർ
പൊതുവിദ്യാഭ്യാസ ഡയറക്ടർ
പബ്ലിക് റിലേഷൻസ് ഡയറക്ടർ (പ്രസിദ്ധീകരണത്തിന്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

TRANSPORT COMMISSIONERATE
KERALA
INWARD No.
RECEIVED ON
SEP 2012
TC | Addl TC | Secy STA | DTC (T) | AO | FO | LO

കേരള സർക്കാർ
സംഗ്രഹം

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് - ഔദ്യോഗിക ഭാഷ മലയാളമാക്കൽ - ഔദ്യോഗിക ഭാഷ സംബന്ധിച്ച നിയമസഭാ സമിതിയുടെ ശിപാർശയും ഔദ്യോഗിക ഭാഷാ ഉന്നതതല സമിതി യോഗത്തിന്റെ തീരുമാനങ്ങളും നടപ്പിലാക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്

സ.ഉ. (കയ്യെഴുത്ത്) നമ്പർ.46/12/ഉഭപവ തിരുവനന്തപുരം, തിയതി.18.09.2012.

---

പരാമർശം:- 09.08.2012 ലെ ഔദ്യോഗിക ഭാഷാ ഉന്നതതല സമിതി യോഗത്തിന്റെ നടപടിക്കുറിപ്പ്.

## ഉത്തരവ്

ഭരണത്തിന്റെ എല്ലാ തലങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയായിരിക്കണം എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിതനയം. ഈ നയം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി 2012 നവംബർ 1 മുതൽ ഒരു വർഷക്കാലം "ഭരണഭാഷ - മാതൃഭാഷ" എന്ന വാകൃത്തിന്റെ അകമ്പടിയോടെ ഭരണഭാഷാ വർഷമായി ആചരിക്കണമെന്ന് ഔദ്യോഗിക ഭാഷ സംബന്ധിച്ച നിയമസഭാ സമിതി(2011-2014) അതിന്റെ ഒന്നാമത് റിപ്പോട്ടിൽ സർക്കാരിനോട് ശിപാർശ ചെയ്തിരുന്നു. ഈ വിഷയം 09.08.2012-ൽ കൂടിയ ഔദ്യോഗിക ഭാഷാ ഉന്നതതല സമിതി യോഗം ചർച്ച ചെയ്ത് പ്രസ്തുത ശിപാർശ അംഗീകരിക്കുകയുണ്ടായി. ഭരണഭാഷാ വർഷാചരണത്തിന്റെ മുന്നൊരുക്കമെന്ന നിലയിൽ എല്ലാ ഓഫിസ് മേധാവികളും അടിയന്തരമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കണമെന്ന് സർക്കാർ ഉത്തരവാകുന്നു.

1. "മലയാളം നമ്മുടെ ഭരണഭാഷ ഹർജികളും നിർദേശങ്ങളും ദയവായി മലയാളത്തിൽ നൽകുക" എന്നെഴുതിയ ബോർഡുകൾ എല്ലാ ഓഫീസുകളിലും സ്ഥാപിക്കേണ്ടതാണ്.

2. ഓഫീസ് ബോർഡുകൾ, ഉദ്യോഗസ്ഥരുടെ പേര്, ഉദ്യോഗപ്പേര്, വാഹനങ്ങളിലെ ബോർഡുകൾ എന്നിവ മലയാളത്തിൽക്കൂടി പ്രദർശിപ്പിക്കേണ്ടതാണ്.

3. ഔദ്യോഗിക ഭാഷ സംബന്ധിച്ച ഉത്തരവുകളും സർക്കുലറുകളും നിർദേശങ്ങളും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി എല്ലാ ഓഫീസിലും ഏകോപനാധികാരിയെ നിയമിക്കേണ്ടതാണ്.

ഇക്കാര്യങ്ങൾ 2012 നവംബർ 1 നു മുമ്പായി നടപ്പിലാക്കണമെന്ന് എല്ലാ വകുപ്പു തലവന്മാരോടും ഓഫീസ് മേധാവികളോടും നിർദേശിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

കെ.സുരേഷ്കുമാർ,
സെക്രട്ടറി

ബഹു.മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി
ചെയർമാൻ, ഔദ്യോഗിക ഭാഷാ നിയമസഭാ സമിതി
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ/ വകുപ്പു തലവന്മാർ/ ജില്ലാ കളക്ടർമാർ
സെക്രട്ടറി (ഔദ്യോഗിക ഭാഷ) യുടെ പി.എയ്ക്ക്.
നിയമം/ധനകാര്യ, നിയമസഭാ സെക്രട്ടേറിയറ്റ് ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും
ഡയറക്ടർ, വിവര - പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
വിവര-പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ
കരുതൽ ഫയൽ/ ആഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ